(ബി) തിരൂരങ്ങാടി ഉൾപ്പെടെയുള്ള വിവിധ താലൂക്കാസ്ഥാനങ്ങളിൽ സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള സാധ്യതകളെക്കുറിച്ച് സർക്കാർ പഠിച്ചുവരുന്നു.

123 (1572) ആശ്രിത നിയമനം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവറായി ജോലിയിൽ ഇരിക്കെ 10.03.93-ൽ മരണമടഞ്ഞ കെ.വി. ജോസഫ്, കടുവൻമാക്കൽ, ഇട്ടുമുഖം, ശ്രീകണ്ഠപുരം എന്നയാളിന്റെ മകൾ കെ.വി. ഷീജയ്ക്ക് ആശ്രിതർക്ക് ജോലി നൽകാനുള്ള പദ്ധതിയിൽ ജോലി നൽകണമെന്ന അപേക്ഷയിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പി.എൽ.എ. 7-010065/93 പ്രകാരം 11.3.93-ൽ കെ.എസ്.ആർ.ടി.സി. രേഖകളിൽ നിന്നും ചെയ്യപ്പെട്ട കെ.വി. ജോസഫിന്റെ മകൾക്ക് ജോലി നൽകാതെയിരിക്കുവാൻ കാരണം വെളിപ്പെടുത്തുമോ;

(സി) 7.4.1997-ൽ പി.എൽ.എ. 11-042585 സൂചനപ്രകാരം മരിച്ച ജോസഫിന്റെ ഭാര്യ മേരിക്കുട്ടി ജോസഫ് നൽകിയ അപേക്ഷ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് ലഭിക്കുകയുണ്ടായോ?

ഉത്തരം

(എ) 10.3.93-ൽ മരണമടഞ്ഞ ശ്രീ. കെ.വി. ജോസഫിന്റെ മകളുടെ അപേക്ഷയിൽ പാലിക്കപ്പെടേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചശേഷം, നിയമനം നടത്താനുള്ള സെലക്ഷൻ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ബി) ക്ലെറിക്കൽ വിഭാഗത്തിൽ നിയമനം ലഭിക്കുന്നതിനുവേണ്ടിയാണ് അപേക്ഷ നൽകിയിരിക്കുന്നത്. ഈ വിഭാഗത്തിൽ തല്ക്കാലം ഒഴിവുകളില്ലാത്തതുകൊണ്ടാണ് നിയമനം വൈകുന്നത്.

(സി) ലഭിച്ചിട്ടുണ്ട്.

124 (1573) ശ്രീ. പി. മുഹമ്മദ്കുരിക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. പി. മുഹമ്മദ്കുരിക്കൾക്ക് ലഭിക്കേണ്ട പി.എഫ്. ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നീ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇദ്ദേഹത്തിനു ലഭിക്കേണ്ട മേൽ പ്രസ്താവിച്ച ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യിൽ വെഹിക്കിൾ സൂപ്പർവൈസറായിരുന്ന ശ്രീ. പി. മുഹമ്മദ്കുരിക്കൾ സർവ്വീസിൽ നിന്നും വിരമിച്ചത് 31.5.99

LIBRARY ARCHIVES Kerala Legislative Assembly

ലാണ്. അദ്ദേഹത്തിന്റെ പി.എഫ്. ആനുകൂല്യമായ 132521/- രൂപ 1999 ഫെബ്രുവരിയിൽ നൽകുകയുണ്ടായി. പെൻഷൻ ആനുകൂല്യങ്ങളായ ഗ്രാറ്റുവിറ്റിയും പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും നൽകുന്നതിനുവേണ്ട നടപടികൾ പൂർത്തിയായി ഉത്തരവിറക്കിയിട്ടുണ്ട്. പണം ലഭ്യമാകുന്ന മുറക്ക് നൽകുന്നതാണ്.

(ബി) സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ കൃത്യമായ തീയതി വ്യക്തമാക്കാൻ കഴിയുന്നില്ല. സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ടി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

125 (1574) ശ്രീ. ഇ.എസ്. സഹദേവൻ, ശ്രീ. സെയ്തലവി എന്നിവർ നൽകിയ പരാതി

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽപ്പെട്ട ശ്രീ. ഇ.എസ്. സഹദേവൻ, ശ്രീ. സെയ്തലവി എന്നിവർ 1998 ഡിസംബർ 9-ാം തീയതി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സെക്രട്ടറിക്ക് നൽകിയ അപേക്ഷയിൻമേൽ മൂന്നുമാസം കഴിഞ്ഞിട്ടും തീരുമാനമെടുക്കാതെയും അവരുടെ ആർ.സി. യും മറ്റു രേഖകളും അന്യായമായി തടഞ്ഞുവച്ചിരിക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ഓഫീസിലെ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ)&(ബി)ശ്രീ. ഇ.എസ്. സഹദേവൻ, ശ്രീ. സെയ്തലവി എന്നിവരുടെ കെ.എൽ.12/6381, കെ.എൽ.12/3195 എന്നീ വാഹനങ്ങൾക്ക് കർണ്ണാടകയിൽ ഫ്രീടാക്സ് ആയി ഓടുന്നതിനുള്ള റെക്കമെന്റേഷൻ ലെറ്ററിനുള്ള അപേക്ഷ കിട്ടിയിട്ടുണ്ട്. ഇതിൻമേൽ കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്ക് വേക്കൻസി പൊസിഷൻ അറിയിക്കുന്നതിനുവേണ്ടി ഒരു കത്ത് അയച്ചിട്ടുണ്ട്. മറുപടി കിട്ടിയാലുടൻ മേൽനടപടി സ്വീകരിക്കുന്നതാണ്. വാഹന ഉടമകളുടെ ആവശ്യപ്രകാരം വാഹനങ്ങളുടെ രേഖകൾ അവർക്ക് തിരികെ അയച്ചുകൊടുത്തിട്ടുള്ളതാകുന്നു. എന്നാൽ സെയ്തലവിയുടെ ആർ.സി. ബുക്ക് (നം. കെ.എ. 12/3195) ഈ മേൽവിലാസക്കാരനെ അറിഞ്ഞുകൂടാ എന്ന മേലെഴുത്തോടെ തിരികെ ലഭിച്ചിട്ടുണ്ട്. കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നുള്ള മറുപടി ലഭിച്ചാലുടൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വാഹന ഉടമകളെ അറിയിച്ചിട്ടുണ്ട്.

(സി) അന്തർസംസ്ഥാന കരാറുപ്രകാരം മാതൃസംസ്ഥാനത്തിൽ മാത്രം നികുതിയടച്ച് ഓടാവുന്ന എക്സ്റ്റൻഷൻ വാലിഡിറ്റി ഓഫ് പെർമിറ്റ് നൽകേണ്ടതായ വാഹനങ്ങൾക്ക് വേക്കൻസികൾ അതാതുമാസം ബന്ധപ്പെട്ട ട്രാൻസ്പോർട്ട് അതോറിറ്റിയിൽ അടയ്ക്കേണ്ടതാണ്. നിലവിൽ അതുലഭിക്കാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ അതു ലഭ്യമാകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly